(ഇ) 25

(എഫ്) നടപടി ആരംഭിച്ചുകഴിഞ്ഞതായി സർവകലാശാല അറിയിച്ചിട്ടുണ്ട്.

പ്രീഡിഗ്രി സർവ്വകലാശാലകളിൽ നിന്ന് പൂർണ്ണമായും വേർപ്പെടുത്തുന്ന നടപടി

109 (2986) ശ്രീ. പി. ജെ. ജോസി :
ശ്രീ. ഇ. എം. ആഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷം പ്രീഡിഗ്രി സർവ്വകലാശാലയിൽ നിന്നും പൂർണ്ണമായും ഡി ലിങ്ക് ചെയ്യുന്നതോടെ കേരള, കാലിക്കറ്റ്, എം.ജി. സർവ്വകലാശാലകളിൽ എത്ര ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് ജീവനക്കാർ അധികമാകുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) അധികം വരുന്ന ജീവനക്കാരെ എപ്രകാരം സമന്വയിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി. ശുപാർശ പ്രകാരമുള്ള ശമ്പള പദ്ധതി

110 (2987) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ദാർഫ്ഫി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി. ശുപാർശ പ്രകാരമുള്ള ശമ്പള പദ്ധതിയും യോഗ്യതാ മാനദണ്ഡങ്ങളും നടപ്പിലാക്കിയപ്പോൾ അത് സർവ്വീസിലുണ്ടായിരുന്ന കോളേജ് അദ്ധ്യാപകരുടെ യോഗ്യതാ മാനദണ്ഡത്തിൽ ഏത് നിലപാടാണ് സർക്കാർ സ്വീകരിച്ചത് ;

(ബി) ഇപ്പോൾ പ്ലസ് ടു അദ്ധ്യാപകരുടെ യോഗ്യതാ മാനദണ്ഡം നിശ്ചയിച്ചപ്പോൾ സർവ്വീസിലുള്ള അദ്ധ്യാപകർക്ക് ഈ ഇളവ് ബാധകം ആക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ;

(സി) മൂന്നു വർഷത്തോളം റെഗുലർ സർവീസ് തുടർച്ചയായി ഉള്ള അദ്ധ്യാപകരുടെ നിയമന മാനദണ്ഡം ഇപ്പോൾ പുതുക്കി നിശ്ചയിക്കുന്നതിന്റെ നിയമ സാദ്ധ്യതയെപ്പറ്റി സർക്കാർ പഠിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly